സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 45 2024 മെയ് 02 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ജോലിക്കിടെ സൂര്യതാപമേറ്റ് കുഴഞ്ഞുവീണ് ആശുപത്രിയിൽ മരിച്ചു

കോഴിക്കോട്: സംസ്ഥാനത്ത് വീണ്ടും സൂര്യാഘാതമേറ്റ് മരണം. മലപ്പുറം സ്വദേശി മുഹമ്മദ് ഹനീഫ (63) ആണ് മരിച്ചത്. ബുധനാഴ്ചയാണ് സൂര്യാതപമേറ്റ് ഹനീഫയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കല്പണിക്കാരനാണ് ഹനീഫ. ബുധനാഴ്ച ഉച്ചയ്ക്ക് മലപ്പുറം താമരക്കുഴിയിൽ ജോലിചെയ്തുകൊണ്ടിരിക്കെ കുഴഞ്ഞുവീഴുകയായിരുന്നു. തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിച്ചിപ്പു. ഇന്ന് രാവിലെയോടെ മരണം സ്ഥിരീകരിക്കുകയായിരുന്നു. പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം കുടുംബത്തിന് വിട്ടുനൽകും.

വനിതാ കമ്മീഷനിലെ 223 ജീവനക്കാരെ പിരിച്ചുവിട്ട് ലഫ്റ്റനന്റ് ഗവർണർ

ന്യൂഡൽഹി: ഡൽഹി വനിതാ കമ്മീഷനിൽ കൂട്ട പിരിച്ചുവിടൽ. 223 ജീവനക്കാരെയാണ് ഡൽഹി ലഫ്റ്റനന്റ് ഗവർണർ വികെ സക്സേന പുറത്താക്കിയത്. ആം ആദ്മി എംപി സ്വാതി മലിവാൾ ഡൽഹി വനിതാ കമ്മീഷൻ അദ്ധ്യക്ഷയായിരിക്കെ ചട്ടങ്ങൾ ലംഘിച്ച് നിയമനം നടത്തിയെന്നാരോപിച്ചാണ് ഇത്രയും പേരെ ഗവർണർ പുറത്താക്കിയത്.

കരാർ ജീവനക്കാരെയാണ് പിരിച്ചുവിട്ടത്. ലഫ്റ്റനന്റ് ഗവർണറുടെ അനുമതിയില്ലാതെ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ വനിതാ കമ്മീഷൻ അദ്ധ്യക്ഷക്ക് അധികാരമില്ലെന്നാണ് ഉത്തരവിൽ പറയുന്നത്.

ധനവകുപ്പിന്റെ അനുമതിയില്ലാതെ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഒരു നടപടിയും സ്വീകരിക്കരുതെന്ന് കമ്മീഷനെ അറിയിച്ചിട്ടുണ്ടെന്നും ഉത്തരവിൽ പറയുന്നു. കരാർ ജീവനക്കാരുടെ നിയമനങ്ങൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചല്ല നടത്തിയതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കൂടാതെ, ജീവനക്കാർക്കുള്ള ശമ്പളവും അലവൻസുകളും വർദ്ധിപ്പിച്ചത് മതിയായ ന്യായീകരണമില്ലാതെയാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിനുപിന്നാലെയാണ് നടപടി.

ആം ആദ്മി പാർട്ടി എംപിയായി രാജ്യസഭയിലെത്തുന്നതിന് മുമ്പ് മലിവാൾ ഒമ്പത് വർഷം ഡൽഹി വനിതാ കമ്മീഷൻ ചെയർപേഴ്സണായിരുന്നു. നിലവിൽ ചെയർപേഴ്സൺ സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. നിയമനവുമായി ബന്ധപ്പെട്ട് ധനവകുപ്പിന്റെ അനുമതി തേടാൻ മലിവാളിനോട് ആവർത്തിച്ച് നിർദ്ദേശിച്ചിരുന്നതായി ഗവർണറുടെ ഉത്തരവിൽ പറയുന്നു.

അതേസമയം, തനിക്കെതിരായ ആരോപണത്തോട് മലിവാൾ ഇതുവരെ പ്രതികരിച്ചിട്ടില്ല. അവർ ഇന്ന് മാദ്ധ്യമങ്ങളെ കണ്ടേക്കും. ഡൽഹിയിൽ ഇതിനുമുമ്പും സർക്കാരും ലഫ്റ്റനന്റ് ഗവർണറും തമ്മിൽ പോര് ഉണ്ടായിട്ടുണ്ട്.

മകനെ ബാങ്കുകാർ കൊന്നെന്ന് പിതാവ്

നെയ്യാറ്റികര: നിക്ഷേപം ലഭിക്കാത്തതിനെത്തുടർന്ന് നെയ്യാറ്റിൻകരയിൽ ഗൃഹനാഥൻ ആത്മഹത്യ ചെയ്തു. നെയ്യാറ്റികര മരുതത്തൂർ സ്വദേശി തോമസ് സാഗരം ആണ് മരിച്ചത്. വിഷം കഴിച്ചതിനെത്തുടർന്ന് ചികിൽസയിലായിരുന്നു.

പണം തിരികെ ചോദിച്ചത് മകളുടെ വിവാഹത്തിനായായിരുന്നു പെരുമ്പഴുതൂർ ബാങ്കിൽ സഹകരണ നിക്ഷേപിച്ച അഞ്ചുലക്ഷം തിരികെ ലഭിക്കാൻ ബാങ്കിനെ സമീപിച്ചത്.

അതേസമയം മകൻ മരിച്ചതല്ല, ബാങ്കുകാർ കൊന്നതെന്ന് സോമസാഗരത്തിന്റെ അച്ഛൻ. മേസ്തിരിപ്പണിയിലൂടെ സമ്പാദിച്ച പണമാണ്, മോഷ്ടിച്ചതല്ലെന്ന് യേശുദാസ്. പണം ചോദിച്ചതിന് ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തിയെന്ന് മകൻ സുമിയും പറഞ്ഞു. സോമസാഗരം പണത്തിന് സമീപിച്ചെന്ന് പെരുമ്പഴുതൂർ സഹകരണ ബാങ്കും സമ്മതിച്ചിട്ടുണ്ട്. മകളുടെ വിവാഹം, വീട് പുതുക്കൽ തുടങ്ങിയ ആവശ്യങ്ങൾ പറഞ്ഞുവെന്ന് ബാങ്ക് സെക്രട്ടറി. ഒരുലക്ഷം നൽകി, 5.39 ലക്ഷം നൽകാനുണ്ട്. ഗുരുതരാവസ്ഥ ബോധ്യപ്പെട്ടില്ലെന്നും ജയകുമാരി പറഞ്ഞു.

മലപ്പുറത്തിന് കൂടുതൽ പ്ലസ്വൺ സീറ്റുകൾ; തീരുമാനം മന്ത്രിസഭാ യോഗത്തിൽ

തിരു : മലപ്പുറത്ത് പ്ലസ് വൺസീറ്റുകൾ കൂട്ടാൻ തീരുമാനം. സർക്കാർ സ്കൂളുകളിൽ 30ശതമാനവും എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനം സീറ്റുകളുമാണ് കൂട്ടുക. ഇന്നത്തെ മന്ത്രിസഭാ യോഗത്തിലാണ് ഇതുസംബന്ധിച്ച് തീരുമാനമുണ്ടായത്. ആവശ്യത്തിന് സീറ്റില്ലാത്തതിനാൽ മലപ്പുറത്ത് പ്ലസ് വൺ പ്രവേശനത്തിന് സാധിക്കാത്തരത്തിലുള്ള പ്രതിസന്ധി ഏറെ നാളായി നിലവിലുണ്ട്. അതിനാലാണ് എസ്എസ്എൽസി റിസൾട്ട് വരുന്നതിന് മുമ്പുതന്നെ സീറ്റ് കൂട്ടാൻ തീരുമാനമെടുത്തത്. സീറ്റില്ലെന്ന കാരണത്താൽ കുട്ടികൾക്ക് പ്രവേശനം ലഭിക്കാത്തത് സർക്കാരിനെ ഏറെ പഴികേൾപ്പിച്ചിരുന്നു.

അടുത്തയാഴ്ചയാണ് എസ് എസ്എൽസി റിസൾട്ട് വരുന്നത്. കഴിഞ്ഞ വർഷം മെയ് 19 നാണ് ഫലപ്രഖ്യാപനം നടത്തിയത്. രണ്ടാം വർഷ ഹയർ സെക്കണ്ടറി പരീക്ഷാ ഫലവും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ ഫലവും മേയ് 9ന് പുറത്തുവരും.

ഇക്കൊല്ലം എസ്എസ്എൽസി. പരീക്ഷ എഴുതിയത് ആകെ 4,27,105 വിദ്യാർത്ഥികളാണ്. ഇതിൽ 2,17,525 ആൺകുട്ടികളും 2,09,580 പെൺകുട്ടികളും ഉൾപ്പെടുന്നു. സംസ്ഥാനത്തൊട്ടാകെ എഴുപത് ക്യാമ്പുകളിലായി 10,863 അദ്ധ്യാപകർ മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുത്തു. ഏപ്രിൽ 3 മുതൽ 20 വരെ 14 ദിവസങ്ങളിലായി മൂല്യനിർണ്ണയം പൂർത്തിയാക്കി. ടാബുലേഷൻ, ഗ്രേസ് മാർക്ക് എൻട്രി, എന്നിവ പരീക്ഷാ ഭവനിൽ പൂർത്തിയാക്കി ഫലപ്രഖ്യാപനത്തിന് തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

ബസിനും ലോറിക്കുമിടയിൽപെട്ട് കാർ ഞെരിഞ്ഞമർന്നു; മൂന്നുപേർക്ക് ഗുരുതരപരുക്ക

തൃശൂർ കൊടകരയിൽ കാർ ബസിനും ലോറിക്കുമിടയിൽപെട്ട് അപകടം. കാർ യാത്രക്കാരായ മണ്ണുത്തി സ്വദേശികളായ മൂന്നുപേർക്ക് ഗുരുതരപരുക്ക്.

മുന്നിലെ ലോറി ബ്രേക്കിട്ടപ്പോൾ കാർ ലോറിക്ക് പിന്നിലിടിക്കുകയും കാറിനു പിന്നിലുണ്ടായിരുന്ന ബസ് കാറിലേക്ക് ഇടിച്ചുകയറുകയുമായിരുന്നു. ബസിനും ലോറിക്കുമിടയിൽ പെട്ട് കാർ ഞെരിഞ്ഞമർന്നു. അപകടത്തിൽ പരുക്കേറ്റ ക്രിസ്റ്റി, നിഷ എന്നിവരെ ജൂബിലി മിഷൻ ആശുപത്രിയിലേക്കും ഒരാളെ മദർ ആശുപത്രിയിലെക്കും മാറ്റി. കാർ വെട്ടിപ്പൊളിച്ചാണ് പരുക്കേറ്റവരെ പുറത്തെടുത്തത്.

യുഎഇയുടെ വിവിധഭാഗങ്ങളിൽ ശക്തമായ മഴ, നിരവധി വിമാന സർവീസുകൾ റദ്ദാക്കി

ദുബായ്: യുഎഇയുടെ വിവിധ ഭാഗങ്ങളിൽ അതിശക്തമായ മഴ. അബുദാബിയിൽ അർധരാത്രിയോടെ തുടങ്ങിയ മഴ ഇപ്പോഴും തുടരുകയാണ്. ദുബായ്, റാസൽഖൈമ, ഉമ്മുൽഖുവെയ്ൻ എന്നിവിടങ്ങളിലും കനത്ത മഴപെയ്തു. ഷാർജ, അജ്മാൻ, ഫുജൈറ എമിറേറ്റുകളിലും മഴയുണ്ട്. അബുദാബിയിൽ അൽ ദഫ്റ, മദീനത്ത് സായിദ്, സിലാ മേഖലകളിൽ വാദികൾ നിറഞ്ഞു. റോഡുകളിലും വെള്ളം കയറി. റാസൽഖൈമയിൽ കനത്ത മഴയിൽ നിരവധിയിടത്ത് റോഡുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് വാഹന ഗതാഗതം തടസ്സപ്പെട്ടു.

ദുബായിൽ ജബൽ അലി, അൽ ബർഷ, റാഷിദിയ, അന്താരാഷ്ട്ര വിമാനത്താവളം, അൽ നഹ്ദ എന്നിവിടങ്ങളിൽ രാവിലെ ഭേദപ്പെട്ട മഴ പെയ്തു. വ്യാഴാഴ്ച രാത്രിവരെ മഴയും കാറ്റും തുടരുമെന്ന് കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകി.

ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ രാജ്യം അതീവ ജാഗ്രതയിലാണ്. രാജ്യത്തെ എല്ലാ വിദ്യാലയങ്ങളിലും ഇന്നും നാളെയും ഓൺലൈൻ വഴിയാണ് പഠനം. സർക്കാർ ഓഫീസുകൾക്ക് രണ്ടു ദിവസത്തേക്ക് വർക്ക് ഫ്രം ഹോം പ്രഖ്യാപിച്ചു. സ്വകാര്യ മേഖലയിലെ ജീവനക്കാരെ സാഹചര്യം വിലയിരുത്തി വീട്ടിലിരുന്ന് ജോലി ചെയ്യാൻ അനുവദിക്കണമെന്ന് തൊഴിൽ മന്ത്രാലയം നിർദ്ദേശിച്ചു.

വിമാനയാത്രക്കാർക്ക് ദുബായ് അന്താരാഷ്ട്ര വിമാനത്താവള അധികൃതർ മുന്നറിയിപ്പ് നൽകി. നേരത്തെ വിമാനത്താവളത്തിലെത്താൻ ശ്രമിക്കണമെന്നും റോഡുകളിലെ വെള്ളക്കെട്ടിൽ കുടുങ്ങി വിമാനത്താവളങ്ങളിലേക്കുള്ള യാത്ര വൈകാനുള്ള സാഹചര്യം മുൻകൂട്ടി കാണണമെന്നും അധികൃതർ നിർദ്ദേശിച്ചിട്ടുണ്ട്. വിമാനങ്ങളുടെ സമയക്രമം ഓൺലൈൻ ആയി പരിശോധിക്കാനും നിർദ്ദേശമുണ്ട്.

ദുബായ് മെട്രോ ഇന്നും നാളെയും കൂടുതൽ സമയം സർവീസ് നടത്തും. പുലർച്ചെ രണ്ടു മണിവരെയാണ് സർവീസ് നടത്തുകയെന്ന് റോഡ്–ട്രാൻസ്പോർട് അതോറിറ്റി അറിയിച്ചു. രാജ്യത്തെ എല്ലാ പാർക്കുകളും ബീച്ചുകളും മലയോര മേഖലകളിലേക്കുള്ള റോഡുകളും താത്കാലികമായി അടച്ചിരിക്കുകയാണ്. മഴയും വെള്ളപ്പൊക്ക സാധ്യതയും പരിഗണിച്ച് വലിയ മാർക്കറ്റുകൾ അടച്ചിടാനും നിർദ്ദേശമുണ്ട്. വാദികളിൽ പോകുന്നതിനും കർശന നിരോധനമുണ്ട്. വ്യാഴാഴ്ച രാത്രിവരെ മഴ തുടരുമെന്നാണ് കാലാവസ്ഥാ കേന്ദ്രത്തിന്റെ വിലയിരുത്തൽ.

ശക്തമായ മഴയെ തുടർന്ന് ദുബായിൽ നിന്നുമുള്ള നിരവധി വിമാനങ്ങൾ റദ്ദാക്കിയിട്ടുണ്ട്. ഇസ്താംബൂൾ, നെയ്റോബി, കെയ്റോ, ജോഹന്നാസ്ബെർഗ്, ജോർദാൻ വിമാനങ്ങൾ റദ്ദാക്കി. എമിറേറ്റ്സ് എയർലൈൻ വിമാനങ്ങളാണ് റദ്ദാക്കിയത്. വിമാനത്താവളത്തിലേക്കുള്ള മറ്റ് സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ട്. യാത്രക്കാർ ഓൺലൈൻ വഴി വിമാനങ്ങളുടെ സമയമാറ്റം പരിശോധിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

കൊവിഡ് വാക്സിൻ: സെറം ഇൻസ്റ്റിട്യൂട്ടിനെതിരെ നിയമനടപടിയുമായി മാതാപിതാക്കൾ

ന്യൂഡൽഹി: കൊവിഷീൽഡ് കുത്തിവയ്പ്പെടുത്ത മകൾ മരണപ്പെട്ടതിൽ സെറം ഇൻസ്റ്റിട്യൂട്ട് ഒഫ് ഇന്ത്യക്കെതിരെ (എസ് ഐ ഐ) നിയമനടപടികൾ ആരംഭിച്ച് മാതാപിതാക്കൾ. യുകെയിലെ മരുന്നു നിർമ്മാണ കമ്പനിയായ ആസ്ട്രാസെനേക നിർമ്മിച്ച കൊവിഡ് വാക്സിൻ AZD1222 (ഇന്ത്യയിൽ കൊവിഷീൽഡ്) ഗുരുതര പാർശ്വഫലങ്ങൾക്ക് കാരണമാകുമെന്ന് കമ്പനി കഴിഞ്ഞദിവസം വെളിപ്പെടുത്തിയിരുന്നു. ആസ്ട്രാസെനേകയും ഓക്സ്ഫർഡ് സർവകലാശാലയും സംയുക്തമായി വികസിപ്പിച്ച കൊവിഷീൽഡ് ഇന്ത്യയിൽ എസ് ഐ ഐ ആണ് നിർമിച്ചത്.

മകൾ കാരുണ്യയുടെ മരണത്തിൽ വേണുഗോപാലൻ ഗോവിന്ദൻ ആണ് നിയമനടപടികൾ ആരംഭിച്ചത്. കൊവിഷീൽഡ് എടുത്തതിന് പിന്നാലെ 2021 ജൂലായിലാണ് യുവതി മരണപ്പെട്ടത്. എന്നാൽ കാരുണ്യയുടെ മരണകാരണം വാക്സിൻ ആണെന്ന് സ്ഥിരീകരിക്കാനാവില്ലെന്നാണ് സർക്കാർ രൂപീകരിച്ച ദേശീയ കമ്മിറ്റി റിപ്പോർട്ട് നൽകിയത്. ഇതിന് പിന്നാലെയാണ് മകളുടെ മരണത്തിൽ സ്വതന്ത്ര മെഡിക്കൽ ബോർഡ് രൂപീകരിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ഗോവിന്ദൻ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

സച്ചിൻദേവ് ബസിൽ കയറിയത് ടിക്കറ്റെടുത്ത് ഡിപ്പോയിലേക്കുപോകാൻ– റഹീം

തിരു : കെഎസ്ആർടിസി ഡ്രൈവറുമായുള്ള പ്രശ്നത്തിൽ മേയർ ആര്യാ രാജേന്ദ്രനു വേണ്ടി ആദ്യം ഇടപെട്ത് താനാണെന്ന് ഡിവൈഎഫ്ഐ അഖിലേന്ത്യ സെക്രട്ടറി എ.എ റഹിം. മേയറുടെ മെന്റൽ ട്രോമ തനിക്കറിയാമെന്നും റഹിം പറഞ്ഞു. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കവെയാണ് റഹിം ഇക്കാര്യം വെളിപ്പെടുത്തിയത്.

"എല്ലാവർക്കും കേറി കൊട്ടിയിട്ടുപോകാനുള്ള ചെണ്ടകളാണ് ചെങ്കൊടി പിടിക്കുന്ന വനിതകളെന്ന് ആർക്കെങ്കിലും മിഥ്യാധാരണയുണ്ടെങ്കിൽ അതങ്ങ് അവസാനിപ്പിച്ചേക്കണം. ഏകപക്ഷീയമായി ഇങ്ങനെ ആക്രണം നടത്തിയാൽ ചെയ്യുന്ന പണി നിറുത്തി വീട്ടിൽ പൊയ്ക്കൊള്ളുമെന്ന് ഒരാളും കരുതണ്ട. യൂത്ത് കോൺഗ്രസും കോൺഗ്രസുമാണ് ഇതിന് പിന്നിൽ. അവർ ഇറക്കി വിട്ടിരിക്കുന്ന സൈബർ ഗുണ്ടകളെ തിരിച്ചുവിളിക്കുന്നതാണ് നല്ലത്. ഇതെല്ലാം ഞങ്ങൾ രാഷ്ട്രീയമായി നേരിടും.

മേയർ എന്ത് തെറ്റാണ് ചെയ്തത്. ഈ സംഭവത്തിന്റെ ആദ്യ മണിക്കൂറിൽ ഇടപെട്ടയാളാണ് ഞാൻ. ആര്യയോട് ഞാൻ സംസാരിച്ചതാണ്. എനിക്കറിയാം അവളുടെ മെന്റൽ ട്രോമ. അവൾക്ക് നേരിടേണ്ടി വന്ന അശ്ലീല ആംഗ്യഭാഷയെ കുറിച്ച് എന്നോട് പറഞ്ഞിരുന്നു. തിരഞ്ഞെടുക്കപ്പെട്ട് ചെറിയ പ്രായത്തിൽ മേയർ സ്ഥാനത്ത് എത്തിയതു മുതൽ ആര്യയെ ആക്രമിക്കുകയാണ്. അതിന് പിന്നിൽ കൃത്യമായ ലക്ഷ്യമുണ്ട്. അങ്ങിനെ ഒരു ബ്രാൻഡ് ഉയർന്നുവരണ്ട എന്നതാണ് ആ ലക്ഷ്യം. അതൊക്കെ മനസിലാക്കാനുള്ള ശേഷി ഇടതുപക്ഷത്തിനുണ്ട്. ഇതൊക്കെ കൊണ്ട് മേയർ ആര്യ പണി നിറുത്തി പോകുമെന്ന് ആരും വിചാരിക്കണ്ട. ഇക്കാര്യത്തിൽ ജനാധിപത്യപരമായും നിയമപരമായും ഡിവൈഎഫ്ഐ ശക്തമായി മുന്നോട്ടു പോകും".

ഞങ്ങളുടെ പ്രിയപ്പെട്ട സഖാക്കൾ ഒറ്റക്കായി പോകുമെന്ന് ആരും തെറ്റിദ്ധരിക്കണ്ട. ഈ തെറ്റായ പ്രവണതയ്ക്കെതിരെ സംഘടന ഒറ്റക്കെട്ടായി മുന്നിലുണ്ടാകുമെന്നും റഹിം വ്യക്തമാക്കി. സച്ചിൻ ദേവ് എം.എൽ.എ യാത്രക്കാരെ ഇറക്കിവിട്ടിട്ടില്ലെന്നും, ടിക്കറ്റ് എടുത്ത് ഡിപ്പോയിലേക്ക് പോകാനാണ് ബസിൽ കയറിയതെന്നുമാണ് റഹിമിന്റെ വിശദീകരണം.

കെഎസ്ആർടി.സി ഡ്രൈവറുമായുണ്ടായ തർക്കത്തിനുപിന്നാലെ തനിക്കെതിരെ സൈബർ ആക്രമണം നടക്കുന്നുവെന്ന മേയർ ആര്യാ രാജേന്ദ്രന്റെ പരാതിയിൽ പോലീസ് കേസെടുത്തു. സമൂഹിക മാദ്ധ്യമങ്ങളിലൂടെ തന്നെ ലൈംഗികമായി അധിക്ഷേപിച്ചെന്നും ഇതു തടയണമെന്നുമുള്ള മേയറുടെ പരാതിയിൽ രണ്ട് കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കെഎസ്ആർടിസി ഡ്രൈവർ യദു കമ്മീഷ്ണർക്ക് നൽകിയ പരാതിയും പോലീസ് അന്വേഷിക്കും. കന്റോൺമെന്റ് പോലീസിനാണ് അന്വേഷണ ചുമതല.

പോലീസ് കമ്മിഷണർക്കും ട്രാൻസ്പോർട്ട് കമ്മിഷണർക്കും നൽകിയ പരാതികളിൽ നടപടി ഉണ്ടാകാതെ വന്നാൽ കോടതിയെ സമീപിക്കാനാണ് തീരുമാനം. കെ.എസ്.ആർ.ടി.സി ബസ് തടഞ്ഞതിനും സീബ്രാ ലൈനിൽ വാഹനം നിർത്തി ട്രാഫിക് നിയമം തെറ്റിച്ചതിനും കേസെടുക്കാമെങ്കിലും ഡ്രൈവറുടെ ആരോപണം നിലവിലെ കേസിനൊപ്പം അന്വേഷിക്കാനാണ് പോലീസിന്റെ തീരുമാനം. ഡ്രൈവർ യദുവിന്റെ മൊഴിയെടുക്കും.

അപകടകരമായ നിലയിൽ വാഹനമോടിച്ച് നിയമലംഘനം നടത്തുകയും അശ്ളീല ആംഗ്യംകാട്ടിയ ഡ്രൈവറെ തടഞ്ഞുവയ്ക്കുകയുമാണ് മേയറും എം.എൽ.എയും ചെയ്തതെന്ന് പോലീസ് ന്യായീകരിക്കുന്നു. യദുവിന് പിന്തുണയുമായി പ്രതിപക്ഷ തൊഴിലാളി, യുവജന സംഘടനകളും രംഗത്തെത്തി.

മേയർക്കും എം.എൽ.എയ്ക്കുമെതിരെ കെ.പി.സി.സി. സെക്രട്ടറി സി.ആർ.പ്രാണകുമാർ മനുഷ്യാവകാശ കമ്മിഷനും പരാതി നൽകി. മേയർക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഡി.ജി.പിയ്ക്കും ഗതഗാത കമ്മിഷണർക്കും കെ.എസ്. യുവും പരാതി നൽകിയിട്ടുണ്ട്.

ബസ് തടഞ്ഞില്ലെന്ന നിലപാടിലായിരുന്നു മേയർ. റെഡ് സിഗ്നലിൽ ബസ് നിറുത്തിയപ്പോൾ ബസിനടുത്തെത്തി ഡ്രൈവറെ ചോദ്യം ചെയ്യുക മാത്രമാണുണ്ടായത് എന്നാണ് മേയർ മാദ്ധ്യമങ്ങളോട് പറഞ്ഞത്.എന്നാൽ സീബ്രാ ലൈനിൽ ബസിന് കുറുകേ കാർ നിർത്തിയിട്ടശേഷം ബസിന്റെ ഡോർ വലിച്ചുതുറന്ന് ഡ്രൈവറുമായി വാക്കേറ്റമുണ്ടാകുന്ന സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്ത് വന്നതോടെ ഈ വാദം പൊളിയുകയായിരുന്നു.

മേയർ പരാതി നൽകിയതോടെയാണ് യദു കൗണ്ടർ പരാതി നൽകിയത്. പോലീസ് എത്തിയാണ് ഡ്രൈവറെ കസ്റ്റഡിയിൽ എടുത്തത് അതിനാൽ ഡ്യൂട്ടി തടസ്സപ്പെടുത്തി എന്ന പരാതിയിൽ കേസെടുക്കേണ്ടതില്ലെന്നാണ് പോലീസ് പറയുന്നത്.

പോലീസിന്റേയും കെ.എസ്. ആർ.ടി.സിയുടേയും ഏകപക്ഷീയമായ നിലപാടിനെതിരെ യൂത്ത് കോൺഗ്രസും കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സംഘടനയായ ടി.ഡി.എഫും രംഗത്തെത്തി. യൂത്ത് കോൺഗ്രസ് കോർപ്പറേഷൻ ഓഫീസിലേക്കും ടി.ഡി.എഫ് കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിലേക്കും സമരം നടത്തി.

മലപ്പുറത്തെ 'തൊട്ട്' ഗണേശ് കുമാർ; നടത്തിയത് വംശീയ പരാമർശമെന്ന്, പിന്നോട്ടില്ലെന്ന് മന്ത്രി

തിരു : മലപ്പുറത്ത് ഡ്രൈവിംഗ് സ്കൂൾ മാഫിയയെന്ന് മന്ത്രി ഗണേശ് കുമാർ പറഞ്ഞതിനെതിരെ പ്രതിഷേധം ശക്തമാകുന്നു. പരാമർശം വംശീയമാണെന്നാണ് സിഐടിയുവിന്റെ ആക്ഷേപം. മലപ്പുറമെന്ന് കേൾക്കുമ്പോൾ മറ്റ് പലർക്കുമുള്ള വൈഷമ്യമാണ് മന്ത്രിക്കെന്നും സിഐടിയു പറഞ്ഞു.

'തൊപ്പിയും തലേക്കെട്ടുമുള്ളവരോട് ചിലർ പ്രകടിപ്പിക്കുന്ന വൈഷമ്യം ഉണ്ട്. അത് മന്ത്രിക്കും ഉണ്ടാവാം. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്ക്കരണത്തിനെതിരെ സംസ്ഥാനത്തുടനീളം പ്രതിഷേധമുണ്ട്. അതിൽ മലപ്പുറത്തെ മാത്രം എന്തിനാണ് അധിക്ഷേപിക്കുന്നത്? മന്ത്രിയുടെ പ്രസ്താവനക്കെതിരെ ശക്തമായി പ്രതിഷേധിക്കും. സിഐടിയുവാണ് പ്രതിഷേധിക്കുന്നത്. അല്ലാതെ മാഫിയ സംഘമല്ല. മന്ത്രിക്ക് വേറെ ഉദ്ദേശങ്ങൾ ഉണ്ടാകും' ഡ്രൈവിംഗ് സ്കൂൾ വർക്കേഴ്സ് യൂണിയൻ (സി ഐ ടി യു) ജില്ലാ സെക്രട്ടറി അബ്ദുൽ ഗഫൂർ ആരോപിച്ചു.

"സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിനെതിരായ പ്രതിഷേധങ്ങൾക്ക് പിന്നിൽ ഡ്രൈവിംഗ് സ്കൂൾ മാഫിയ സംഘങ്ങളാണ്. ഇത്തരം സംഘങ്ങൾ മലപ്പുറത്തുണ്ട്. ഇവർക്ക് കൂട്ടായി ഉദ്യോഗസ്ഥരും ഉണ്ട്. നേരത്തെ ഈ ഉദ്യോഗസ്ഥർ വൻ തോതിൽ പണം വെട്ടിച്ചു. അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി തുടരും. മലപ്പുറം ആർടി ഓഫീസിൽ നടന്നത് മൂന്നുകോടിയുടെ വെട്ടിപ്പാണ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തു. വ്യാജ രസീത് ഉണ്ടാക്കി നികുതി വെട്ടിച്ചു' എന്നാണ് മന്ത്രി പറഞ്ഞത്. ഇതിനെതിരെയാണ് പ്രതിഷേധം ശക്തമായത്. പരിഷ്കരണങ്ങളിൽ നിന്ന് പിന്നോട്ടില്ലെന്നും പ്രതിഷേധം കണ്ട് പിന്മാറില്ലെന്നും മന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്.

ഇന്നുമുതൽ നടപ്പാക്കുന്ന ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കാരത്തിനെതിരെ ഡ്രൈവിംഗ് സ്കൂൾ യൂണിയനുകൾ പ്രതിഷേധം ശക്തമാക്കിയിരിക്കുകയാണ്. ടെസ്റ്റ് ഗ്രൗണ്ടുകൾ അടച്ചുകെട്ടിയും ടെസ്റ്റിനുള്ള വണ്ടികൾ വിട്ടുകൊടുക്കാതെയുമാണ് പ്രതിഷേധം. കേരളത്തിലെ എല്ലാ ഡ്രൈവിംഗ് സ്കൂൾ ഉടമകളും ജീവനക്കാരും പണിമുടക്കുമെന്നാണ് അറിയിക്കുന്നത്.പരിഷ്കരണത്തിന്റെ ഭാഗമായുള്ള പുതിയ ട്രാക്കുകൾ കേരളത്തിൽ ഒരിടത്തും തയ്യാറായിട്ടില്ലെന്നും ഡ്രൈവിംഗ് സ്കൂൾ ഉടമകൾ പറയുന്നു. സിഐടിയു, ഐഎൻടിയുസി, ബിഎംഎസ് സംഘടനകളുടെ കീഴിലുള്ള ഡ്രൈവിംഗ് സ്കൂളുകളുടെ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിലാണ് പ്രതിഷേധസമരം നടക്കുന്നത്.

തിരുവാതിര കളിക്കിടയിൽ കുഴഞ്ഞുവീണ് മരിച്ചു

തൃശൂർ: അരിമ്പൂരിൽ ക്ഷേത്രോത്സവത്തിനോടനുബന്ധിച്ച് തിരുവാതിര കളിക്കിടയിൽ 67കാരി കുഴഞ്ഞുവീണ് മരിച്ചു. പരയ്ക്കാട് തണ്ടാശ്ശേരി ജയരാജിന്റെ ഭാര്യ സതി (67) ആണ് മരിച്ചത്.

ബുധനാഴ്ച വൈകീട്ട് അരിമ്പൂർ കുട്ടാലെ മഹാവിഷ്ണു ക്ഷേത്രത്തിൽ തിരുവാതിര കളിക്കിടയിൽ സതി കുഴഞ്ഞുവീഴുകയായിരുന്നു.

സംഘാടകരും സഹപ്രവർത്തകരും ചേർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സുമിത്ര എന്ന വയോജന ക്ലബ്ബ് അംഗമാണ് സതി. സംസ്കാരം ഇന്ന് ഉച്ചക്ക് വടുക്കര ശ്മശാനത്തിൽ നടത്തപ്പെട്ടു.

ഈ. മ. യൗ

കുറ്റിക്കാടൻ കുഞ്ഞിപാലു
മകൻ ആന്റണി

എന്റെ പ്രിയ ഭർത്താവ് കുറ്റിക്കാടൻ കുഞ്ഞിപാലു മകൻ ആന്റണി (74 വയസ്സ്) ആത്മത്തിനുവേണ്ടുന്ന അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2024 മെയ് 1-ാം തിയ്യതി ബുധനാഴ്ച ഉച്ചതിരിഞ്ഞ് 3.45ന് കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസനസമേതം അറിയിച്ചുകൊള്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഇന്നലെ ചാലക്കുടി കൂടപ്പുഴ ആറാട്ടുകടവിൽ നടന്ന ഇരിങ്ങാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിലെ ആറാട്ട്

ചാലക്കുടി കൂടപ്പുഴ കടവിൽ സംഗമേശ്വരന്റെ ആറാട്ട്

ഇരിങ്ങാലക്കുട: കഴിഞ്ഞ 11 ദിവസമായി ഇരിഞ്ഞാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിൽ നടന്നുവന്നിരുന്ന തിരുവുത്സവം ഇന്നലെ ചാലക്കുടി കൂടപ്പുഴ ആറാട്ടുകടവിൽ നടന്ന ആറാട്ടോടും തുടർന്ന് രാത്രി കൂടൽമാണിക്യം ക്ഷേത്രത്തിൽ നടന്ന ആറാട്ട് വിളക്കോടും കൂടി സമാപിച്ചു.

ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ ശ്രീ കൂടൽമാണിക്യം തിരുവുത്സവത്തിന്റെ സമാപനം കുറിച്ച് കൊണ്ടുള്ള ആറാട്ട്. ബുധനാഴ്ച ഉച്ചതിരിഞ്ഞ് 12.50 ന് നൂറു കണക്കിന് ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ചാലക്കുടി കൂടപ്പുഴ കടവിലായിരുന്നു ചടങ്ങുകൾ. മൂന്ന് ആനകളുടെ അകമ്പടിയോടെയാണ് ഭഗവാൻ ആറാട്ടിനെത്തിയത്. പ്രത്യേകം സജ്ജമാക്കിയ പന്തലിൽ നടന്ന പൂജകൾക്ക് ക്ഷേത്രം തന്ത്രി നകരമണ്ണ് ത്രിവിക്രമൻ നമ്പൂതിരിയുടെ മകൻ ഋഷികേശ് നമ്പൂതിരി നേതൃത്വം നൽകി. ഉരുളിയിൽ തിടമ്പ് വെച്ചാണ് സംഗമേശ്വരന്റെ ആറാട്ടു നടത്തിയത്. ഭഗവാനൊപ്പം ശരണം വിളികളോടെ ഭക്തർ ആറാട്ട് മുങ്ങി. ആറാട്ടിന് ശേഷം കൂടപ്പുഴഎൻഎസ്എസ് കരയോഗത്തിന്റെ നേതൃത്വത്തിൽ പ്രസാദ വിതരണം നടന്നു. സനീഷ്കുമാർ എംഎൽഎ, ചാലക്കുടി നഗരസഭ ചെയർമാൻ അഡ്വ എബി ജോർജ്ജ്, ദേവസ്വം ചെയർമാൻ അഡ്വ കെ എ ഗോപി, ഭരണസമിതി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

രാവിലെ വൈഷ്ണവമന്ത്ര മുഖരിതമായ അന്തരീക്ഷത്തിലാണ് ആറാട്ടെഴുന്നള്ളിപ്പ് നടന്നത്. ക്ഷേത്ര കിഴക്കേ നടപ്പുരയിൽ തിങ്ങി നിറഞ്ഞ ഭക്തരെ സാക്ഷി നിറുത്തി രാവിലെ ഒൻപതരയോടെയാണ് ഭഗവാനെ പുറത്തേക്ക് എഴുന്നള്ളിച്ചത്. വടകുറുംബക്കാവ് ദുർഗ്ഗാദാസൻ തിടമ്പേറ്റി. നന്തിലത്ത് ഗോപീകണ്ണനും കൊളക്കാടൻ കുട്ടികൃഷ്ണനും അകമ്പടിയായി. കിഴക്കേ നടയിൽ പോലീസ് സംഘത്തിന്റെ ആചാരപ്രകാരമുള്ള റോയൽ സല്യൂട്ട് സ്വീകരിച്ച ശേഷം രാജകീയമായിട്ടായിരുന്നു യാത്ര. സംഗമേശനെ അനുഗമിച്ച് നിരവധി ഭക്തരും ഉണ്ടായിരുന്നു.

വിവാഹിതരായി

മന്ന – അമൽ

കുന്നംകുളം: വെസ്റ്റേൺ ബസാർ പുലിക്കോട്ടിൽ പിഐ. നിക്സൺ-സ്വപ്ന നിക്സൺ മകൾ മന്നയും എർണാകുളം തിരുവാംകുളം തുരുത്തിയിൽ വീട്ടിൽ ലിജി – അനിത മകൻ അമലും വിവാഹിതരായി. കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഓഡിറ്റോറിയത്തിലും കരിങ്ങച്ചിറ സെന്റ് ജോർജ്ജ് ജാക്കോബൈറ്റ്സ് സിറിയൻ കത്തീഡ്രലിലും നടന്ന ചടങ്ങുകളിൽ പ്രമുഖ വ്യക്തികൾ ഉൾപ്പെടെ ധാരാളം പേർ പങ്കെടുത്തു.

വേനൽക്കൂടാരം 2024 ഉദ്ഘാടനം ചെയ്തു

തൃശൂർ: വിയ്യൂർ ഗ്രാമീണ വായനശാല ബാലവേദിയുടെ ക്യാമ്പ് വേനൽക്കൂടാരം 2024 തൃശ്ശൂർ കോർപറേഷൻ കൗൺസിലർ രന്യ ബൈജു ഉദ്ഘാടനം ചെയ്തു.

പ്രസിഡന്റ് സന്തോഷ്. കെ. എഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ താലൂക്ക് യൂണിയൻ മുൻ പ്രസിഡന്റ് പ്രൊഫ. എം. ഹരിദാസ്, വായനശാല സെക്രട്ടറി പി. ഉദയകുമാർ, ബാലവേദി കൺവീനർ ഷീബ. വി.ബി എന്നിവർ പ്രസംഗിച്ചു. ഇന്ന് കുട്ടികൾക്കായി ശക്തൻ തമ്പുരാൻ കോളേജിലെ ജയൻ മാഷ് ക്ലാസ്സുകൾ എടുത്തു.

ആനച്ചമയ കലാകാരൻ അന്തരിച്ചു

തൃശൂർ: തൃശ്ശൂർ പൂരം ഉൾപ്പടെ വിവിധ ഉത്സവങ്ങളിൽ ആനച്ചമയ നിർമാണത്തിൽ പ്രസിദ്ധനായ പെരുമ്പിള്ളിശ്ശേരി പി.കെ.ശങ്കരൻകുട്ടി (സുധാകരൻ-70) അന്തരിച്ചു. പടിഞ്ഞാറേപ്പുരയ്ക്കൽ കൊച്ചക്കന്റെയും അമ്മുവിന്റെയും മകനാണ്. ആനച്ചമയത്തിലെ കുടകൾ നിർമിക്കുന്നതിന്റെ ആദ്യപടിയായ ഒറ്റൽപ്പണിയിലും നെറ്റിപ്പട്ടത്തിന്റെ കുമിളകൾ, നെറ്റിപ്പട്ടത്തിന്റെ വട്ടക്കിണ്ണം, കൂമ്പൻകിണ്ണം എന്നിവ നിർമ്മിക്കുന്നതിൽ വിദഗ്ധനായിരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിനുവേണ്ടിയും തിരുവമ്പാടി, ഗുരുവായൂർ, ചേർപ്പ്, ആറാട്ടുപുഴ ക്ഷേത്രങ്ങൾക്കുവേണ്ടിയും ഒറ്റൽപ്പണി ചെയ്തിരുന്നു. കൂടാതെ ക്ഷേത്രത്തിലെ പിച്ചളപ്പണികൾ, ഭണ്ഡാരം, വാളുകൾ, തിരുവായുധം എന്നിവയുടെ നിർമാണത്തിലും വിദഗ്ധനായിരുന്നു.1972-മുതൽ തിരുവമ്പാടി ക്ഷേത്രത്തിലെ ഒറ്റൽപ്പണി ചെയ്തു വരുന്നു. ചേർപ്പ് സേവാഭാരതി ഭരണസമിതി അംഗമാണ്. കഴിഞ്ഞ തൃശ്ശൂർ പൂരത്തിന് മാതൃഭൂമി ഇദ്ദേഹത്തെ ആദരിച്ചിരുന്നു.

ഭാര്യ: സുലോചന. മക്കൾ: സുനിത, സുജിത, സുധീഷ്. മരുമക്കൾ: ബാലകൃഷ്ണൻ, പ്രവീൺ, ആതിര. സംസ്കാരം വെള്ളിയാഴ്ച രാവിലെ എട്ടരയ്ക്ക് വടൂക്കര ശ്മശാനത്തിൽ.

നിര്യാതരായി

മറിയാമ്മ

തൃശ്ശൂർ : വടക്കേച്ചിറ ശിവഗംഗ അപ്പാർട്ടുമെന്റിൽ താമസം, വെങ്ങോല മഠത്തിൽ മറിയാമ്മ (89) നിര്യാതയായി. കുറുപ്പംപടി മറ്റമന പരേതനായ എം കെ ജോസഫിന്റെ ഭാര്യയാണ്. മോളി, സാജു (മുൻ ജിഎം, എച്ച ഒ സി എൽ), ഡോ ഷാജി (മുൻ ജോയിന്റ് ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തൃശ്ശൂർ) എന്നിവർ മക്കളും റോജി, ബീന, ജയ എന്നിവർ മരുമക്കളുമാണ്. സംസ്കാരം ഇന്ന് ഉച്ചക്ക് 2ന് കുറുപ്പംപടി സെൻറ് മേരീസ് കത്തീഡ്രലിൽ.

ആന്റണി

പുതുക്കാട്: കുറ്റിക്കാടൻ കുഞ്ഞിപാലു മകൻ ആന്റണി നിര്യാതനായി. സംസ്കാരം ഇന്ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ നടത്തപ്പെടും. ഭാര്യ-കൊച്ചുത്രേസ്യ മക്കൾ പരേതയായ സുമി, സുബിൻ, സുനിൽ. മരുമക്കൾ-ടിന, ജിനിത.

ചില്ലറ തർക്കത്തിൽ കണ്ടക്ടറുടെ ക്രൂര മർദനത്തിനിരയായ വയോധികൻ മരിച്ചു

ഇരിങ്ങാലക്കുട: ചില്ലറയെ ചൊല്ലിയുണ്ടായ തർക്കത്തിനിടെ കണ്ടക്ടറുടെ ക്രൂര മർദ്ദനത്തിന് ഇരയായ കരുവന്നൂർ സ്വദേശി പവിത്രൻ (68) ചികിത്സയിലിരിക്കെ മരിച്ചു. ഏപ്രിൽ 2 ന് ഉച്ചയ്ക്കു 12 ഓടെ തൃശൂർ കൊടുങ്ങല്ലൂർ റൂട്ടിലോടുന്ന ശാസ്ത ബസിന്റെ കണ്ടക്ടർ ഊരകം സ്വദേശി കടുകപറമ്പിൽ രതീഷിന്റെ മർദ്ദനത്തിൽ ഗുരുതരമായി പരുക്കേറ്റ് ചികിത്സയിൽ തുടരുകയായിരുന്നു. ചില്ലറയെ ചൊല്ലിയുള്ള തർക്കത്തിൽ പുത്തൻതോട് ബസ് സ്റ്റോപ്പിന് സമീപത്ത് വച്ച് പവിത്രനെ കണ്ടക്ടർ ഊരകം സ്വദേശി രതീഷ് തള്ളി താഴെയിടുകയായിരുന്നു.

റോഡരികിലെ കല്ലിൽ തലയടിച്ച് വീണ പവിത്രന്റെ തല പിടിച്ച് കണ്ടക്ടർ വീണ്ടും കല്ലിൽ ഇടിച്ചതായും പവിത്രന്റെ മകൻ പ്രണവ് പറഞ്ഞു. പവിത്രനെ ആദ്യം മാപ്രാണത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പരിക്ക് ഗുരുതരമായതിനാൽ തൃശ്ശൂർ എലൈറ്റ് ആശുപത്രിയിലേയ്ക്ക് മാറ്റുകയായിരുന്നു.

സംഭവം കണ്ട നാട്ടുകാർ കണ്ടക്ടറെ തടഞ്ഞു വെച്ച് ഇരിങ്ങാലക്കുട പോലീസിൽ വിവരം അറിയിച്ചതോടെ പോലീസെത്തി കണ്ടക്ടറേയും, ബസും കസ്റ്റഡിയിലെടുത്തിരുന്നു.പവിത്രൻ മരിച്ചതോടെ കണ്ടക്ടർക്കെതിരെ കൊലക്കുറ്റം ചുമത്തും.

ദുരന്ത നായികയായ മഹാലക്ഷ്മി

കൃഷ്ണൻ ചേലേമ്പ്ര

മലയാളി സിനിമാ പ്രേക്ഷകരുടെ വിങ്ങുന്ന ഓർമയായി ഉർവശി ശോഭ

തന്റെ ജീവിതത്തിനു തിരശീല താഴ്ത്തിയിട്ടു ഇന്നേക്ക് 24 വർഷം പൂർത്തിയാവുന്നു. മോഹിപ്പിക്കുന്ന സൗന്ദര്യമല്ല കറ കളഞ്ഞ അഭിനയത്തികവാണ് ഒരു നടിയുടെ വിജയത്തിന് ആധാരശിലയെന്ന് പ്രേക്ഷകരെ ബോധ്യപ്പെടുത്തിയ ശോഭ പക്ഷേ കൂടുതൽ ഉയരങ്ങൾ കീഴടക്കുന്നതിനു പകരം സ്വയം മരണ മാല്യം കൈനീട്ടി വാങ്ങുകയായിരുന്നു.

70 – 80 കളിൽ സിനിമാ രംഗത്ത് നില നിന്നിരുന്ന അനാശാസ്യ പ്രവണതകളുടെ രക്ത സാക്ഷിയായി മാറുകയായിരുന്നു ശോഭ. അമ്മയുടെ കാമുകന്റെ വികാരത്തിനടിമപ്പെട്ടു തന്നെക്കാൾ കാൽ നൂറ്റാണ്ടു പ്രായം ചെന്ന ആ അധമന്റെ രണ്ടാം ഭാര്യയാവേണ്ടി വന്നതിലെ മനോ വിഷമവും ആ ദാമ്പത്യത്തിലെ പൊരുത്തക്കേടുകളുമാണ് ഒരു പക്ഷേ ഇന്ത്യൻ സിനിമക്ക് തന്നെ മുതൽക്കൂട്ടാവേണ്ടിയിരുന്ന ആ അതുല്യ പ്രതിഭയുടെ അകാല വിടവാങ്ങലിനു കാരണമായത്.

1962സപ്റ്റംബർ 23നു കെ. എസ്. മേനോൻ –പ്രേമലത ദമ്പതികളുടെ മകളായി ശോഭ ജനിച്ചു. മഹാലക്ഷ്മി എന്നായിരുന്നു പേര്. സിനിമാക്കമ്പം തലയ്ക്കു പിടിച്ച പ്രേമലത മദ്രാസിലേക്ക് താമസം മാറ്റിയപ്പോൾ ഭർത്താവിനും അനുഗമിക്കേണ്ടി വന്നു.

നീലക്കുയിൽ എന്ന ചിത്രത്തിൽ സത്യന്റെ ഉപ നായികയായി വേഷം കിട്ടി എന്നതൊഴിച്ചാൽ പ്രേമയ്ക്ക് കാര്യമായ അവസരങ്ങൾ ഒന്നും ഒത്തു കിട്ടിയില്ല. അമ്മ വേഷങ്ങളിൽ തൃപ്തിപ്പെടേണ്ടി വന്നു ആ നടിക്ക്. അതിനിടെ ജെ. പി. ചന്ദ്രഭാനു സംവിധാനം ചെയ്ത തട്ടുങ്കൽ തുറക്കപ്പെടും എന്ന തമിഴ് ചിത്രത്തിൽ ബാലനടിയായി മഹാലക്ഷ്മിക്ക് അവസരം കിട്ടി. പിന്നെ ഉദ്യോഗസ്ഥ എന്ന മലയാള ചിത്രം ഉൾപ്പെടെ നിരവധി അവസരങ്ങൾ.ബാലചന്ദ്രമേനോൻ സംവിധാനം ചെയ്ത ഉത്രാടരാത്രിയിൽ ശോഭ എന്ന പേരിൽ നായികയായി അരങ്ങേറ്റം.ഏകാകിനി, രണ്ടു പെൺകുട്ടികൾ, ശാലിനി എന്റെ കൂട്ടുകാരി, ഉൾക്കടൽ തുടങ്ങിയ മലയാള ചിത്രങ്ങൾ ഉൾപ്പെടെ തമിഴ് അടക്കം എഴുപതോളം ചിത്രങ്ങളിൽ ഭാവാഭിനയത്തിന്റെ ഉജ്ജ്വല മുഹൂർത്തങ്ങൾ നിരവധി കാഴ്ച വച്ച ശോഭ നായിക നടിമാരുടെ അക്കാലം വരെയുള്ള സൗന്ദര്യ സങ്കൽപ്പങ്ങൾക്ക് തിരുത്തൽ ശക്തി ആവുകയായിരുന്നു. പതിനേഴാമത്തെ വയസ്സിൽ, മരണത്തിനു തൊട്ടു മുൻപ് ദുരൈ സംവിധാനം ചെയ്ത പശി എന്ന തമിഴ് ചിത്രത്തിലെ അഭിനയത്തിന് ഭാരതത്തിന്റെ പരമോന്നത അംഗീകാരമായ ഉർവശിപ്പട്ടം ശോഭയെ തേടിയെത്തി. (ഉർവശി, ഭരത് അവാർഡുകൾ ഇപ്പോൾ നിലവിൽ ഇല്ല)

ശോഭ ഉർവശിക്കു അർഹയായ പശിയുടെ സംവിധായകൻ ഒരാഴ്ച മുൻപേ അന്തരിച്ച കാര്യം കൂടെ ഇവിടെ ഓർക്കട്ടെ.

പ്രേമയുടെ കാമുകനായ ഛായാഗ്രഹകനും സംവിധായകനുമായ ശ്രീലങ്കൻ സ്വദേശി ബാലു മഹേന്ദ്ര വീട്ടിൽ നിത്യ സന്ദർശകൻ ആയതോടെ സ്ഥിതിഗതികൾ മാറിമറിഞ്ഞു. ബാലുവിന്റെ ശ്രദ്ധ പ്രശസ്തയായ ശോഭയിൽ പതിഞ്ഞതോടെ പ്രേമയും ബാലുവും തമ്മിലുള്ള വഴക്ക് പതിവായി. ബാലു

വിവാഹിതനും രണ്ടു മക്കളുടെ പിതാവുമായിരുന്നു. ഭാര്യ അഖിലയും പ്രേമയുമായി വീട്ടിൽ വന്നു വാക്കേറ്റം നടത്തും. ഇതെല്ലാം ലോല മനസ്കയായ ശോഭയെ വല്ലാതെ ഉലച്ചു. ആ അവസരം മുതലെടുത്തു ബാലു മഹേന്ദ്ര ശോഭയെ പറഞ്ഞു മയക്കി തന്റെ അഭീഷ്ടത്തിന് വിധേയയാക്കുകയും പിന്നീട് താലി ചാർത്തി ഭാര്യയാക്കുകയും ചെയ്തു. ശോഭയുടെ ജീവിത കഥയാണ് കെ. ജി. ജോർജ് ലേഖയുടെ മരണം ഒരു ഫ്ലാഷ് ബാക്ക് എന്ന പേരിൽ നളിനിയെ നായികയാക്കി ചലച്ചിത്ര രൂപം കൊടുത്തത്.

ഏതായാലും സാഹചര്യങ്ങളുടെ സമ്മർദ്ദം താങ്ങാനാവാതെ ശോഭ തന്റെ കിടപ്പുമുറിയിൽ തൂങ്ങി മരിക്കുകയായിരുന്നു. അതു തൂങ്ങി മരണമാണോ കൊലപാതകമാണോ എന്ന സംശയം കുറേക്കാലം കോടമ്പക്കത്തെ അന്തരീക്ഷത്തിൽ ഉത്തരം കിട്ടാതെ അലഞ്ഞു തിരിഞ്ഞു ഒടുവിൽ കെട്ടടങ്ങി.1980മെയ് ഒന്നിന് ശോഭ ഓർമയായി.

ശോഭയുടെ മൃതദേഹം വീട്ടിൽ കെട്ടഴിച്ചു നിലത്തു കിടത്തിയ നിലയിൽ

കശ്മീരിൽ മലയാളികൾ സഞ്ചരിച്ച ട്രാവലർ അപകടത്തിൽപ്പെട്ടു; നാദാപുരം സ്വദേശി മരിച്ചു, 14 പേർക്ക് പരിക്ക്

ശ്രീനഗർ: കശ്മീരിൽ വിനോദ സഞ്ചാരത്തിനായി പോയ മലയാളികൾ സഞ്ചരിച്ച ടെമ്പോ ട്രാവലർ അപകടത്തിൽപ്പെട്ട് ഒരാൾ മരിച്ചു. 14 പേർക്ക് പരിക്കേറ്റു. കോഴിക്കോട് നാദാപുരം ഇയ്യങ്കോട് പുത്തൻ പീടികയിൽ സഫ്വാൻ (23) ആണ് മരിച്ചത്. അപകടത്തിൽപ്പെട്ട ട്രാവലറിലുണ്ടായിരുന്ന 16 പേരിൽ 12 പേരും മലയാളികളാണെന്നാണ് വിവരം. ശ്രീനഗർ-ജമ്മു ദേശീയപാതയിൽ ബുധനാഴ്ച രാത്രിയാണ് അപകടമുണ്ടായത്.

മലയാളികടങ്ങുന്ന സംഘവവുമായി ശ്രീനഗറിൽനിന്ന് ജമ്മുവിലേക്ക് പോകുകയായിരുന്ന ടെമ്പോ ട്രാവലർ എതിർദിശയിൽനിന്ന് വരികയായിരുന്ന ട്രക്കുമായി കൂട്ടിയിടിക്കുകയായിരുന്നു.

ഗുരുതരമായ പരിക്കേറ്റ മലപുറം സ്വദേശി ബാസിം അബ്ദുൾ ബാരി സൗറ സ്കിംസ് ആശുപത്രിയിൽ ചികിത്സയിലാണ്. അസ്ഹർ, വാസിഫ്, നിസാം, തൽഹത്ത്, മാജിദ്, സുഹൈൽ, ശ്യാമിൽ, നവീദ്, സിറാജ്, എന്നിവരെ അനന്തനാഗ് ആശുപത്രിയിലും പ്രവേശിപ്പിച്ചു.

തിരുവനന്തപുരത്തെ ഐടി കമ്പനിയിൽ ജീവനക്കാരനാണ് മരിച്ച സഫ്വാൻ. സഫ്വാന്റെ സഹപ്രവർത്തകരും സഹപാഠികളുമാണ് ഒപ്പമുണ്ടായിരുന്നത്. ഏപ്രിൽ 26-ന് വൈകീട്ടാണ് ഇവർ നാട്ടിൽനിന്ന് കശ്മീരിലേക്കുള്ള യാത്രതിരിച്ചത്. സഫ്വാന്റെ മൃതദേഹം ബൻഹാൾ സബ് ജില്ലാ ആശുപത്രി മോർച്ചറിയിലാണുള്ളത്.

ക്ഷീര കർഷകർക്ക് മുന്നറിയിപ്പും നിർദ്ദേശങ്ങളുമായി മൃഗസംരക്ഷണ വകുപ്പ്

തൃശൂർ: അന്തരീക്ഷ താപനിലയിലുണ്ടായ കനത്ത വർദ്ധനവ് കന്നുകാലികൾക്കും സൂര്യതാപം എൽക്കാനുള്ള സാധ്യത കൂട്ടുന്നതിനാൽ പകൽ 10 മണിക്കും അഞ്ചു മണിക്കും ഇടയിൽ കന്നുകാലികളെ തുറസ്സായ സ്ഥലങ്ങളിൽ കെട്ടിയിടരുത് എന്ന നിർദ്ദേശവുമായി മൃഗ സംരക്ഷണ വകുപ്പ്.

നാഷണൽ ലീഗ് തൊഴിലാളി യൂണിയൻ തൃശൂർ ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു

ഷംസുദ്ധീൻ

ജഅഫർ ഇ എസ്

തൃശൂർ: ജില്ലാ പ്രസിഡന്റായി ഷംസുദ്ധീൻ കരേങ്ങലിനെയും സെക്രട്ടറിയായി ജഅഫർ ഇ എസ് നെയും തിരഞ്ഞെടുത്തു. നാഷണൽ ലീഗ് തൊഴിലാളി യൂണിയൻ ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

തൊഴിലാളി ദിനത്തോടനുബന്ധിച്ച് ഇന്ന് തൃശൂർ നാഷണൽ ലീഗ് ഭവനിൽ നടന്ന പരിപാടിയിലാണ് ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തത് തൃശ്ശൂർ ജില്ലാ പ്രസിഡന്റായി ഷംസുദ്ധീൻ കരേങ്ങേലിനെയും ജില്ലാ ജനറൽ സെക്രട്ടറി: പി അഫർ ഇ.എസ്, വൈസ് പ്രസിഡന്റ്: നൗഷാദ് കടപ്പുറം, മജീഷ് കുറുപ്പത്ത്, ജോയിൻ സെക്രട്ടറി: ഷാജു കാളാഞ്ചേരി, സുനിൽ ചിറ്റിയാൻ. ട്രഷറർ: രാജേഷ് ധർമ്മരാജ്. എന്നിവരെ തിരഞ്ഞെടുത്തു സംസ്ഥാന പ്രസിഡന്റ് – സനൽകുമാർ കാട്ടായിക്കോണം.സംസ്ഥാന ജനറൽ സെക്രട്ടറി – ഖാലിദ് മഞ്ചേരി എന്നിവർ യോഗത്തിൽ പങ്കെടുക്കുത്തു.

കൊടകര ഗവണ്മെന്റ് നാഷണൽ ബോയ്സ് ഹൈസ്കൂൾ സമ്പൂർണ നീന്തൽ സാക്ഷരതയിലേയ്ക്ക്

കൊടകര : ഈ അവധിക്കാലം മക്കൾക്ക് ആസ്വാദ്യകരവും ആഹ്ലാദപൂർണവും ആക്കുന്നതിനൊപ്പം ഒരു ജീവൻ രക്ഷാമാർഗ്ഗം പരിശീലിപ്പിക്കാനുള്ളതു കൂടിയാക്കി മാറ്റി കൊടകര ഗവണ്മെന്റ് നാഷണൽ ബോയ്സ് ഹൈസ്കൂളിലെ രക്ഷിതാക്കൾ. പ്രഗത്ഭ നീന്തൽ പരിശീലകൻ ഹരിലാൽ മൂത്തേടത്തിന് മക്കളെ ശിഷ്യപ്പെടുത്തിക്കൊണ്ടാണ് പത്തു ദിവസത്തേയ്ക്കുള്ള നീന്തൽ പരിശീലനം വിദ്യാലയം സംഘടിപ്പിച്ചത്. പതിനെട്ടു വർഷമായി ആയിരക്കണക്കിനു പേരെ നീന്തൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്ന വിദഗ്ധ പരിശീലകനാണ് ഹരിലാൽ. കുഴിക്കാട്ടുശ്ശേരിയിലെ മഷിക്കുളത്തിലായിരുന്നു പരിശീലനം.

നീന്തൽ അറിയാത്ത കുട്ടികൾക്കൊപ്പം അധ്യാപകരും രക്ഷിതാക്കളും നീന്തൽ പഠിച്ചു എന്നത് ഈ പരിശീലനത്തെ വ്യത്യസ്തമാക്കി. ദിവസവും 10 കിലോമീറ്റർ അകലെയുള്ള കൊടകരയിൽ നിന്നും രാവിലെ 7 മണിക്ക് കുട്ടികൾ പരിശീലത്തിനായി എത്തിച്ചേരുന്നു, 8 മണിക്ക് പരിശീലനത്തിന് ശേഷം രക്ഷിതാക്കൾ കുട്ടികൾക് പാലും മുട്ടയും നൽകുന്നു.

പ്രശസ്ത എഴുത്തുകാരനും ബ്ലോഗറും പൂർവ്വവിദ്യാർഥിയുമായ സജീവ് എടത്താടാൻ നീന്തൽ സാക്ഷരതാ പ്രഖ്യാപനം നടത്തി. കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിന് മുൻപ് ജലത്തിലെ ഭയം മറ്റുന്നതാണ് ആദ്യം ചെയുന്നത്. ഇതിനുവേണ്ടി വെള്ളത്തിൽ പലവിത കളികളും വ്യായാമം മുറകളും അഭ്യസിപ്പിക്കുന്നു. കുട്ടികളെ അല്ല, മാതാപിതാക്കളെയാണ് ആദ്യം പരിശീലിപ്പിക്കേണ്ടതെന്ന് എം. എസ് ഹരിലാൽ പറയുന്നു.പി.ടി.എ. പ്രസിഡണ്ട് സന്തോഷ് കുമാർ കെ.എസ്. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡണ്ട് മനോജ് വി. ആർ., സിബി സുരേഷ്, ഫസ്റ്റ് അസിസ്റ്റന്റ് ജോബിൻ എം. തോമസ്, സ്റ്റാഫ് സെക്രട്ടറി സന്ധ്യ പി.യു. തുടങ്ങിയവർ സംസാരിച്ചു.

മഷികുളത്തിൽ സൗജന്യമായി എല്ലാദിവസവും രാവിലെ 7 മണി മുതൽ 10 മണി വരെ 100 ഓളം കുട്ടികൾ പരിശീലനത്തിനായി എത്തിച്ചേരുന്നുണ്ട് അതുപോലെ തന്നെ വൈകിട്ട് 4 മുതൽ 50 ഓളം പെൺകുട്ടികളും അമ്മമാരും പരിശീലനത്തിനായി എത്തിച്ചേരുന്നുണ്ട്

സംസ്ഥാനത്ത് പുതുക്കിയ ഡ്രൈവിംഗ് ടെസ്റ്റ് ഇന്ന് മുതൽ പ്രാബല്യത്തിൽ

തൃശൂർ :സംസ്ഥാനത്തെ പുതുക്കിയ ഡ്രൈവിംഗ് ടെസ്റ്റ് ഇന്ന് മുതൽ പ്രാബല്യത്തിൽ. റോഡ് ടെസ്റ്റിന് ശേഷം മാത്രം ഒ ടെസ്റ്റ്. ടാർ ചെയ്തോ കോൺക്രീറ്റ് ചെയ്തോ സ്ഥലമൊരുക്കിയ ശേഷം വരകളിലൂടെ വാഹനം ഓടിക്കുക, ഡ്രൈവിങ്, വശം ചെരിഞ്ഞുള്ള പാർക്കിങ്, വളവുകളിലും കയറ്റിറക്കങ്ങളിലും വാഹനം ഓടിക്കൽ തുടങ്ങിയവയെല്ലാം പുതിയ ടെസ്റ്റിന്റെ ഭാഗമാണ്.

ഉയർന്ന താപനില മുന്നറിയിപ്പ് മഞ്ഞ അലർട്ട്

പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലയിലെ ചില പ്രദേശങ്ങളിൽ 2024 മെയ് 01 മുതൽ മെയ് 02 വരെയുള്ള ദിവസങ്ങളിൽ ഉഷ്ണതരംഗ സാധ്യത തുടരുന്നതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു

മെഹബൂബെ മില്ലത്ത് ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബ് അനുസ്മരണ ദിന പരിപാടി തൃശ്ശൂർ ജില്ലാ നാഷണൽ ലീഗ് ഭവനിൽ ജില്ലാ വർക്കിംഗ് പ്രസിഡന്റ് സയ്യിദ് ഷബീൽ ഐദ്റൂസി തങ്ങൾ ഉദ്ഘാടനം ചെയ്തു, നാഷണൽ ഫാർമേഴ്സ് ലീഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ജെയിംസ് കാഞ്ഞിരത്തിങ്കൽ അധ്യക്ഷനായി മുഖ്യഭാഷണം നടത്തി. ചടങ്ങിൽ തൃശ്ശൂർ മണ്ഡലം പ്രസിഡന്റ് മുഹമ്മദ് സജീർ, ജനറൽ സെക്രട്ടറി ഷാജു കാളാഞ്ചേരി, രാജേഷ് ധർമ്മരാജ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

മഹാത്മാഗാന്ധി ഉപ്പ് സത്യാഗ്രഹം ആരംഭിച്ച ഗുജറാത്തിലെ ദണ്ഡിയിലേക്ക് യാത്ര പുറപ്പെടുന്ന കേരള മദ്യവിമോചന മഹാ സഖ്യം സംസ്ഥാന നേതാക്കളായ ഇ എ ജോസഫ്, ശശി നെട്ടിശ്ശേരി എന്നിവരെ ഗുജറാത്ത് സംസ്ഥാന കോൺഗ്രസ് പ്രസിഡൻറ് ശക്തിസിംഗ് ഗോലി എം പി ക്ക് പരിചയപ്പെടുത്തുന്ന കത്ത് തൃശൂർ ഡിസിസി പ്രസിഡന്റ് ജോസ് വെള്ളൂർ നൽകുന്നു. ഡിസിസി ഓഫീസിൽ വെച്ച് നടന്ന പരിപാടിയിൽ കോൺഗ്രസ് നേതാക്കളായ സി ഒ ജേക്കബ്, ശശി കുമാർ തുടങ്ങിയവരും സംബന്ധിച്ചു.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

MC: 291/2023

vahida @ Vasnatha etc.

–ഹരജിക്കാർ

Abdul Kareem, S/o. Pareed, Valiyakath Veettil House, Punnayur P.O, Chavakkad Taluk, Thrissur dt.

–എതൃകക്ഷി

പത്രപരസ്യം

എതൃകക്ഷിയിൽ നിന്നും ചിലവിന് ലഭിക്കുവാൻ ബോധിപ്പിച്ച മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള കോടതി കല്പന അയപ്പാൻ മേൽ നമ്പർ കേസ് **14-05-2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകാത്ത പക്ഷം മേൽ